**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **24-02-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങളുടെയും പെർമിറ്റിന്റെയും കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എൻജിൻ യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള കാലാവധി പുതുതായി നിശ്ചയിക്കുകയുണ്ടായോ; | (എ) | മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് എഞ്ചിനുകളുടെ കാലാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ കാലാവധി ചുവടെ ചേർക്കുന്നു. Sl.No Hull material Fishing vessel with wheel house Fishing vessel without wheel house 1 Wood 12 Years 8 Years 2 Steel 15 Years NA 3 FRP 18 Years 12 Years |
| (ബി) | മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനായും മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനായും ഓരോ ഇനം യാനങ്ങൾക്കും നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധി എത്ര വർഷം വീതമാണ്; | (ബി) | മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് എഞ്ചിനുകളുടെ കാലാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ കാലാവധി ചുവടെ ചേർക്കുന്നു. Sl.No Hull material Fishing vessel with wheel house Fishing vessel without wheel house 1 Wood 12 Years 8 Years 2 Steel 15 Years NA 3 FRP 18 Years 12 Years |
| (സി) | 80 ലക്ഷത്തിലധികം രൂപ ചെലവാക്കി നീറ്റിൽ ഇറക്കുന്ന ഒരു യാനത്തിന് 12 വർഷം കൊണ്ട് മുതൽമുടക്ക് തിരിച്ചു പിടിക്കാൻ കഴിയില്ലായെന്നുള്ള മത്സ്യത്തൊഴിലാളികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കാലാവധി നിശ്ചയിക്കുന്നതിനു പകരം ഫിറ്റ്നസിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകേണ്ടതെന്നും മുപ്പതും നാൽപതും വർഷം പഴക്കമുള്ള വിദേശനിർമ്മിത യാനങ്ങൾ നിർബാധം സർവീസുകൾ നടത്തുമ്പോൾ പരമ്പരാഗത മേഖലയ്ക്ക് ഇത്തരത്തിലുള്ള ഉപാധികൾ വയ്ക്കുന്നത് സംസ്ഥാനത്തെ മത്സ്യലഭ്യത കുറയ്ക്കുന്നതിനും വിദേശത്തു നിന്നടക്കമുള്ള വിഷലിപ്തമായ മത്സ്യം വിപണിയിലെത്തുന്നതിനും ഇടയാക്കുമെന്നും ഉള്ള ആശങ്ക പരിശോധിക്കുമോ; | (ഡി) | ഫിഷറീസ് വകുപ്പ്, CIFT, CIFNET, Coast Guard, MMD, എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിലെ തീരുമാനത്തിന്റെയും സുരക്ഷിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമായാണ് മത്സ്യബന്ധന യാനങ്ങളുടെ പരമാവധി കാലപ്പഴക്കം നിശ്ചയിച്ചിരിക്കുന്നത്. |
| (ഇ) | ഇപ്പോൾ നിർണ്ണയിച്ചിരിക്കുന്ന കാലാവധി പരിധി | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | പിൻവലിക്കുന്നത് പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ